പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1947 — 10.03.2020 ൽ മറുപടിയ്ക്ക്

# സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂൾ കേരള പബ്ലിക്ക് സർവീസ് കമ്മീഷന് നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും | സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂളിന്റെ കരട് കേരള പബ്ലിക് സർവീസ് കമ്മിഷന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട് ഫയൽ പൂർണ്ണമായും പി.എസ്.സിയുടെ കൈവശമാണ്. |
| (ബി) | എങ്കിൽ പി.എസ്.സി.ക്ക് നൽകിയ റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) | പി.എസ്.സി.ക്ക് നൽകുന്നതിന് മുമ്പ് ട്രേഡ് യൂണിയനുകളുമായി കരട് റൂൾ ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റൂൾ അംഗീകരിക്കുന്നതിന് മുൻപ് സംഘടനകളുമായി ചർച്ച ചെയ്ത് അപാകതകൾ പരിഹരിക്കുവാൻ തയ്യാറാകുമോ; | (സി) | സപ്ലൈകോയിലെ വിവിധ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തതിന് ശേഷമാണ് കോമൺ സർവ്വീസ് റൂളിന്റെ കരട് പി.എസ്.സി.ക്ക് നൽകിയത്. |
| (ഡി) | സപ്ലൈകോയിലെ മാനേജീരിയൽ സർവ്വീസ് റൂൾ അനുസരിച്ച് എത്ര മാനേജർമാർ ജോലി ചെയ്യുന്നുണ്ടെന്ന് ഇവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും സഹിതം വ്യക്തമാക്കാമോ; | (ഡി) | സപ്ലൈകോയിൽ മൂന്ന് മാനേജർമാർ നിലവിൽ ജോലി ചെയ്യുന്നു. അവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും ചുവടെ ചേർക്കുന്നു. |

| ക്രമ നം | പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | മിസ് .ഷീബജോർജ്ജ് | മാനേജർ (ആഡിറ്റ് & അക്കൗണ്ട്സ്) | Chartered Accountant |
| 2 | ശ്രീ. ജോസിയസ് ബെന്നി കിട്ടൻ | മാനേജർ (എം.ഐ.എസ്) | BEC (Electronics & Communication)<br>Executive Master of Business Administration |
| 3 | ശ്രീ.ദീപു എം.ആർ | മാനേജർ (ഫിനാൻസ്) | B.Sc (Mathematics)<br>Membership of Chartered Accountant |

| | | | |
|---|---|---|---|
| | | | |
| (ഇ) | ജോലിക്ക് ചേരുന്ന സമയത്ത് പ്രസ്തുത മാനേജർമാർക്കുണ്ടായിരുന്ന അക്കാദമിക് യോഗ്യതാ സർട്ടിഫിക്കറ്റുകൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശം നൽകുമോ? | (ഇ) | മേൽപ്പറഞ്ഞ മൂന്ന് മാനേജർമാരും പി.എസ്.സി മുഖാന്തിരം നിയമിതരായവരല്ല. മിസ്. ഷീബജോർജ്ജ്, ശ്രീ.ദീപു.എം.ആർ എന്നിവരെ അസിസ്റ്റൻറ് മാനേജർ (അക്കൗണ്ട്സ്) തസ്തികയിലും ശ്രീ. ജോസിയസ് ബെന്നി കിട്ടനെ മാനേജർ (എം.ഐ.എസ്) തസ്തികയിലും നേരിട്ടുള്ള നിയമനം മുഖേന സപ്ലൈകോ നിയമിച്ചതാണ്.<br>ആയതിനാൽ ഇവരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി- യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നത് പരിശോധിച്ചിട്ടില്ലാത്തതും പി.എസ്.സി-യുടെ അംഗീകാര സർട്ടിഫിക്കറ്റ് സപ്ലൈകോയിൽ ലഭ്യമല്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ